**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3076 — 21/06/2013-ൽ മറുപടിയ്ക്ക്

## നാളികേര കൃഷിയുടെ അഭിവൃദ്ധിക്ക് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) | നാളികേര കൃഷിയുടെ വികസനത്തിനും മെച്ചപ്പെട്ട നാളികേര ഉല്പാദനത്തിനും നാളികേര കർഷകരുടെ അഭിവൃദ്ധിക്കും ഈ സർക്കാർ നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | എ) | നാളികേര കൃഷിയുടെ വികസനത്തിനും, മെച്ചപ്പെട്ട നാളികേര ഉൽപാദനത്തിനും, നാളികേര കർഷകരുടെ അഭിവൃദ്ധിക്കും വേണ്ടി നടപ്പാക്കിയ കാര്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | ഈ സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെ നാളികേര കൃഷി എത്ര മാത്രം അഭിവൃദ്ധിപ്പെട്ടു; നാളികേര കർഷകർക്ക് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായി; വ്യക്തമാക്കുമോ; | ബി) | പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി നാളികേര കൃഷിയുടെ ഉല്പാദന ക്ഷമത ഹെക്ടറിന് 2010-11 ൽ 5287 മില്യൺ എണ്ണം എന്നത് 2011-12 ൽ 5941 മില്യൺ നാളികേരമായി വർദ്ധിച്ചു. ഉത്പാദന ക്ഷമതയിലുള്ള വർദ്ധന കർഷകന്റെ വരുമാന വർദ്ധനയ്ക്കു നിദാനമായി തീർന്നിട്ടുണ്ട്. നാളികേര കൃഷിയുടെ വിസ്തൃതി 2010-11 ൽ 770473 ഹെക്ടർ എന്നത് 2011-12 ൽ 820867 ഹെക്ടറായി വർദ്ധിക്കുകയുണ്ടായതും കേരകർഷകർക്ക് ഗുണമായി |
| സി) | രോഗം വന്നും ഇടിമിന്നൽ പോലെ പ്രകൃതി ദുരന്തങ്ങളുണ്ടായും തെങ്ങുകൾ നഷ്ടപ്പെടുന്നതിൽ കർഷകനുണ്ടാകുന്ന നഷ്ടം നികത്താൻ ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്നും ഇപ്രകാരമുള്ള നഷ്ട പരിഹാരത്തുക എത്രയാണെന്നും അറിയിക്കുമോ; ഈ സർക്കാർ വന്നതിനു ശേഷം നഷ്ട പരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ? | സി) | നാളികേര ഇൻഷ്വറൻസ് പദ്ധതി പ്രകാരം രോഗം വന്നും, ഇടിമിന്നൽ മൂലവും തെങ്ങു നശിക്കുകയാണെങ്കിൽ 15 വർഷം വരെ പ്രായമായ തെങ്ങുകൾക്ക് 600 രൂപയും, 16 മുതൽ 60 വർഷം വരെ പ്രായമുള്ള തെങ്ങുകൾക്ക് 1150 രൂപയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. ഈ പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ നാല് ജില്ലകളിൽ മാത്രം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു.<br><br>ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കൃഷിക്കാർ തെങ്ങ് കായ്ച്ചു തുടങ്ങുന്നതു മുതൽ 15 വർഷം വരെ പ്രായമായ തെങ്ങൊന്നിന് ഒരു വർഷത്തേയ്ക്ക് 1.06 രൂപ പ്രീമിയവും 16 മുതൽ 60 വർഷം വരെ പ്രായമായ തെങ്ങുകൾക്ക് തെങ്ങൊന്നിന് ഒരു വർഷത്തേയ്ക്ക് 1.45 രൂപയും പ്രീമിയം അടയ്ക്കേണ്ടതാണ്. |

സംസ്ഥാന വിള ഇൻഷ്വറൻസ് പ്രകാരം ഇടി മിന്നൽ മൂലം നശിക്കുന്ന തെങ്ങുകൾക്ക് തെങ്ങൊന്നിന് 1000/- രൂപ നഷ്ടപരിഹാരം നൽകി വരുന്നു. കൃഷിക്കാർ അടയ്ക്കേണ്ട പ്രീമിയം തെങ്ങൊന്നിന് ഒരു വർഷത്തേക്ക് രണ്ടു രൂപയും, 3 വർഷത്തേയ്ക്ക് ഒരുമിച്ച് അടച്ചാൽ 5 രൂപയും ആണ്. ഈ പദ്ധതി പ്രകാരം രോഗം വന്ന തെങ്ങുകൾക്ക് നഷ്ടപരിഹാരം നൽകുന്നില്ല.

പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് മാനദണ്ഡം വഴി നൽകി വരുന്ന നഷ്ടപരിഹാര തുകയുടെ തോത് ജി.ഒ.(എം.എസ്)നമ്പർ239/2012/ഡി.എം.ഡി തീയതി 11.06.2012 പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവ് പ്രകാരം രോഗം വന്നും ഇടിമിന്നലേറ്റും നശിക്കുന്ന തെങ്ങുകൾക്ക് നഷ്ടപരിഹാര തുക നൽകുവാൻ നിർവ്വാഹമില്ല.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

നാളികേരകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനും നാളികേര കർഷകരെ രക്ഷിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.

1. കേരശ്രീ പദ്ധതി(സംസ്ഥാന നാളികേര വികസന പദ്ധതി)

നാളികേരകൃഷിയിൽ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2013 – 14 വർഷത്തിൽ സംസ്ഥാനത്തെ 7 ജില്ലകളിൽ 545 ക്ലസ്റ്ററുകളിലൂടെ 13631 ഹെക്ടറിൽ പുതുതായി ശാസ്ത്രീയ പരിചരണമുറകൾ അനുവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 2012-13 ൽ ഒന്നാം വർഷ പരിചരണമുറകൾ നടത്തിയ 19,600 ഹെക്ടറിൽ 2-ാം വർഷവും ശാസ്ത്രീയ പരിചരണമുറകൾ അനുവർത്തിക്കുന്നതാണ്. ഇവക്കായി 4169.025 ലക്ഷം രൂപ ജില്ലകൾക്കായി അനുവദിച്ചുകഴിഞ്ഞു. എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

തെങ്ങിൻതോട്ടത്തിലെ ഇടയിളക്കൽ, തെങ്ങിൻതടം വൃത്തിയാക്കൽ, ശാസ്ത്രീയ വള പ്രയോഗവും സസ്യ സംരക്ഷണവും, ജലസേചന സൗകര്യമൊരുക്കൽ, ഉത്പാദനക്ഷമത കുറഞ്ഞതും രോഗം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റുകയും ഗുണമേന്മയുള്ള പുതിയതൈകൾ നട്ടുപിടിപ്പിക്കുക എന്നിവയാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. നാളികേര കർഷകരെ ശാസ്ത്രീയ പരിചരണമുറകൾ അനുവർത്തിക്കാൻ പ്രാപ്തരാക്കുന്നതോടൊപ്പം മറ്റു കർഷകർക്ക് ഇതു മനസ്സിലാക്കി സ്വന്തം കൃഷിയിടത്തിൽ ഇവ പ്രയോഗത്തിൽ വരുത്താനും ഈ പദ്ധതിയിലൂടെ കഴിയുന്നു.

2. **തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി**

നാളികേര വികസന ബോർഡ് കൃഷിവകുപ്പുമായി സംയോജിച്ച് നടത്തുന്ന പദ്ധതിയാണ് തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി. 2009-10 ൽ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ച ഈ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളും മൂന്നാം ഘട്ട പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു. രോഗം ബാധിച്ചതും ഉത്പാദനക്ഷമത കുറഞ്ഞതും ആയ തെങ്ങുകൾ മുറിച്ചുമാറ്റി പകരം ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുകയും മറ്റുള്ള തെങ്ങുകൾക്ക് ശാസ്ത്രീയ പരിചരണം നൽകി ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിലായി ഒരു പൈലറ്റ് പ്രോജക്ടായി 2009-10 ൽ ആരംഭിച്ച പദ്ധതി മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിക്കാൻ നടപടികൾ നാളികേര വികസനബോർഡ് ആരംഭിച്ചുകഴിഞ്ഞു.

2009-10 ൽ ആരംഭിച്ച പദ്ധതിയുടെ മൂന്നാംഘട്ടം താഴെ പറയുന്ന ബ്ലോക്കുകളിലാണ് നടപ്പിലാക്കുന്നത്.

| | |
|---|---|
| തിരുവനന്തപുരം | - പാറശ്ശാല, ആര്യങ്കോട്, നെയ്യാറ്റിൻകര. |
| കൊല്ലം | - പുനലൂർ, ചടയമംഗലം, വെട്ടിക്കവല, അഞ്ചൽ |
| തൃശ്ശൂർ | - വടക്കാഞ്ചേരി, പഴയന്നൂർ, ചാവക്കാട്, ചൊവ്വന്നൂർ, മുല്ലശ്ശേരി, ഒല്ലൂക്കര, അന്തിക്കാട്, പുഴയ്ക്കൽ. |

സംസ്ഥാനത്തെ മൂന്നു ജില്ലകളിലായി ഇതുവരെ 13, 72,975 എണ്ണം രോഗം ബാധിച്ചതും കായ്ഫലം കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുകയും 1,05,817.7 ഹെക്ടർ സ്ഥലത്തെ തെങ്ങുകൃഷി പുനരുദ്ധാരണം നടത്തുകയും 3,29,919, എണ്ണം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുകയും ചെയ്തു. ഇവയ്ക്കായി 11894.974 ലക്ഷം രൂപ ചെലവഴിച്ചു.

(signature)

**സെക്ഷൻ ഓഫീസർ**